"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം- കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളയിന ചെലവുകൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും ആദ്യ ഗഡുവായി ₹9,74,400/- (ഒൻപത് ലക്ഷത്തി എഴുപത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.1650/2025/GAD    തീയതി,തിരുവനന്തപുരം, 15-04-2025

---

പരാമർശം:-    കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 02.04.2025 -ലെ 158/എ1/2025/KSWCFC നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളയിനത്തിലെ ചെലവുകൾക്കുള്ള ധനസഹായമായി 2025-26 സാമ്പത്തികവർഷം ബഡ്ജറ്റിൽ 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ ₹48,72,000/- (നാല്പത്തിയെട്ട് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപ മാത്രം) വകയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ടി തുക മുഴുവനായും അനുവദിച്ചു നൽകാൻ പരാമർശ പ്രകാരം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന് നടപ്പ് സാമ്പത്തികവർഷം (2025-26) 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും ആദ്യ ഗഡുവായി ₹9,74,400/- (ഒൻപത് ലക്ഷത്തി എഴുപത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) ശമ്പളയിന ചെലവുകൾക്കായി ഫണ്ട് റിലീസിന്റെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| * | പ്രസ്തുത തുക STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല. |
| * | 29/08/2009-ലെ സർക്കുലർ നം 75/09/ധന എന്നതിലേയും, 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും GO(MS)No. 4/2020/Fin dated : 09/01/2020 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| * | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് ടി സാമ്പത്തിക വർഷം തന്നെ തിരിച്ചടയ്ക്കേണ്ടതാണ്. |

പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-31-Grant in Aid General Salary(NP) എന്ന ശീർഷകത്തിൽ നിന്നും ₹9,74,400/- (ഒൻപത് ലക്ഷത്തി

എഴുപത്തിനാലായിരത്തി നാന്നൂറ് രൂപ മാത്രം) പിൻവലിച്ച് കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (STSB acct no-701011400000014) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കുലീന, ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (11.04.2025- ലെ PUC3/54/2025/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 15-04-2025 11:43:14
സെക്ഷൻ ഓഫീസർ